പത്തനംതിട്ട ജില്ല

പന്തളം നഗരസഭ

ബഡ്ജറ്റ്

2023-24

പത്തനംതിട്ട ജില്ല

പന്തളം നഗരസഭ

2022-23 വർഷത്തെ പുതുക്കിയ ബഡ്ജറ്റും

2023-24 വർഷത്തെ മതിപ്പു ബഡ്ജറ്റും

ആമുഖം

ബഹുമാന്യ പന്തളം നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, ചെയർപേഴ്സൺമാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭ സെക്രട്ടറി, വകുപ്പ് തലവൻമാർ, നഗരസഭാ ഉദ്യോഗസ്ഥർ, നഗരസഭയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, പന്തളം നഗരസഭയിൽ അധിവസിക്കുന്ന സമസ്ത ജനങ്ങൾക്കും നമസ്കാരം.

ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭരണഘടനാ ഭേദഗതി പ്രകാരം ഉണ്ടായിട്ടുള്ള അധികാര വികേന്ദ്രീകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങളും അവകാശങ്ങളും സമ്പത്തും ലഭ്യമാവുകയും, ഇതുമൂലം സാധാരണക്കാരായ എല്ലാ ജനവിഭാഗങ്ങൾക്കും ഏറ്റവും നല്ല സേവനങ്ങൾ നൽകുവാൻ കഴിയുന്നതാണ്.

പന്തളം നഗരസഭയുടെ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നമ്മുടെ നാടിന്റെ സമഗ്ര പുരോഗതിയോടൊപ്പം സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സമസ്ത ജനവിഭാഗങ്ങൾ, കൃഷി, വ്യവസായം, പാർപ്പിടം, മൃഗസംരക്ഷണം, ആരോഗ്യം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം, മെച്ചപ്പെട്ട ഭരണത്തിന് ഡിജിറ്റലൈസേഷൻ സേവനം എന്നീ സുപ്രധാന വിഷയങ്ങൾക്ക് മുൻഗണന നൽകി അർഹമായ തുകകൾ വകയിരുത്തി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരുടെ കരുതൽ നടപടി ക്രമങ്ങൾ പ്രശംസനീയമാണ്.

2023-24 സാമ്പത്തിക വർഷത്തിൽ പന്തളം നഗരസഭയുടെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളും, നഗരസഭയുടെ തനത് വരുമാനവും വിനിയോഗിച്ച് എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകുകയും, നഗരസഭയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ട് കിഫ്ബിയിൽ നിന്നും ലഭിക്കുന്നതിന് അനുമതിയായുകയും, മാലിന്യ സംസ്കരണം, സൗജന്യ കുടിവെള്ളം പദ്ധതി എന്നിവ പ്രവർത്തന ഘട്ടത്തിലുമാണ്. ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക പാക്കേജിന് നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞു. വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ഭാഗമായി ഫൈബർ ബോട്ടുകൾ വാങ്ങുകയും ചെയ്തു. തുടർന്നുള്ള പന്തളം നഗരസഭയുടെ സമ്പൂർണ്ണ വികസനത്തിന് ഈ ഭരണസമിതിയുടെ മൂന്നാമത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ആത്മാർത്ഥമായി സഹായസഹകരണം നൽകിയ എല്ലാ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, ചെയർപേഴ്സൺമാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭാ സെക്രട്ടറി, നഗരസഭാ ഉദ്യോഗസ്ഥർ, നിർവ്വഹണ ഉദ്യോഗസ്ഥർ, കൂടാതെ നഗരസഭയുടെ വിവിധ വികസന പ്രവർത്തനങ്ങൾ എക്കാലവും കരുത്ത് പകരുന്ന ബഹുമാന്യ നഗരസഭാ നിവാസികൾക്കും, പത്ര-ദൃശ്യമാധ്യമ പ്രവർത്തകർക്കും എന്റെ നന്ദി അറിയിച്ചുകൊള്ളുന്നു.

2023-24 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് ബഹുമാന്യ വൈസ് ചെയർപേഴ്സൺ ശ്രീമതി യു.രമ്യയെ ആദരപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

സുശീല സന്തോഷ്
ചെയർപേഴ്സൺ, പന്തളം നഗരസഭ

പന്തളം നഗരസഭ

ബഡ്ജറ്റ് 2023-2024

ബഹുമാന്യ നഗരസഭാ ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭാ സെക്രട്ടറി, വകുപ്പ് മേധാവികൾ, ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, പത്ര-ദൃശ്യമാധ്യമ പ്രവർത്തകരെ, സുഹൃത്തുക്കളെ,

പന്തളം നഗരസഭ രൂപീകൃതമായ ശേഷമുള്ള 8-ാമത് ബഡ്ജറ്റാണ് 2023-24 സാമ്പത്തിക വർഷത്തേക്ക് നഗരസഭാ കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നത്.

സ്വാമി അയ്യപ്പന്റെ ജന്മംകൊണ്ട് പ്രശസ്തമായ പന്തളം വികസനരംഗത്ത് വളരെ പിറകിലാണ്. തീർത്ഥാടന നഗരമായി പന്തളത്തെ മാറ്റിയെടുക്കുവാനുള്ള വികസന സെമിനാറിനും പദ്ധതിയ്ക്കും നഗരസഭ അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ വഴി സഹായം ലഭ്യമാക്കുന്നതിനുള്ള അവസരം ഇതിൽക്കൂടി നമുക്ക് ലഭിക്കും. അയ്യപ്പന്റെ ജന്മംകൊണ്ട് പുണ്യം നേടിയ പന്തളത്തിന്റെ വികസനം കുറ്റമറ്റതാക്കുവാൻ ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. കലാ-സാംസ്കാരിക രാഷ്ട്രീയ സാമുദായിക രംഗത്തെ ഉന്നതരുടെ ജന്മംകൊണ്ട് പ്രശസ്തമായ പന്തളത്തിന്റെ വികസനത്തിനായി ഒന്നിച്ചു പ്രവർത്തിക്കാം.

പന്തളം ഒരു നാട്ടുരാജ്യമായിരുന്ന കാലഘട്ടം ചരിത്രരേഖകളിൽ തിരുവിതാംകൂറിൽ കൂടിയും പിന്നീട് കേരള സംസ്ഥാനം രൂപീകരിച്ചപ്പോൾ സംസ്ഥാനത്തെ പ്രധാന കലാ-സാംസ്കാരിക, വ്യവസായിക മേഖലയായി പന്തളം മാറിയത്. കാർഷിക മേഖലയുടെ അഭിവൃദ്ധി ജനങ്ങളുടെ പ്രധാന ജീവിതമാർഗ്ഗമായി മാറി. പന്തളത്തെ കരിമ്പ് കൃഷി മന്നം ഷുഗർ മിൽ സ്ഥാപിക്കുന്നതിന് കാരണമായി. നെല്ലുല്പാദന രംഗത്ത് മുൻപന്തിയിൽ നിന്ന ഒരു പ്രദേശമാണ് പന്തളം. കരിങ്ങാലി, മഞ്ഞനംകുളം, മാവര, വള്ളിക്കാവിനാൽ, കുരമ്പാല തെക്കേക്കര എന്നിവിടങ്ങളിലെ നെൽകർഷകരുടെ അദ്ധ്വാനം പന്തളത്തെ കാർഷിക സംസ്കാരം സമ്പുഷ്ടമാക്കി.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ നായർ സർവ്വീസ് സൊസൈറ്റിയുടെ സേവനങ്ങൾ വളരെ വലുതാണ്. ആശുപത്രികൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്കൂളുകൾ, ഷുഗർ മിൽ എന്നിവയിൽ അനവധി ആളുകൾക്ക് ജോലി ലഭിക്കുവാൻ ഇത് കാരണം കഴിഞ്ഞു. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിലുണ്ടായിരുന്ന പല സ്ഥാപനങ്ങളും നമുക്ക് നഷ്ടമായി. നിയോജകമണ്ഡലം ആസ്ഥാനം പന്തളത്തിന് നഷ്ടപ്പെട്ടു. പന്തളത്ത് ഉണ്ടായിരുന്ന ബ്ലോക്ക് പഞ്ചായത്തും അനുബന്ധ ഓഫീസുകളും ഇവിടെനിന്നും മാറിപ്പോയി. ഇതിന് പരിഹാരമുണ്ടാക്കുവാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.

നാടൻ കലകൾ, പടയണി, കോലമെഴുത്ത് എന്നിവയുടെ ഒരു കേന്ദ്രമാണ് നമ്മുടെ നാട്. പുത്തൻകാവിൽ ക്ഷേത്രത്തിലെ ചൂരൽ അടവി, ക്ഷേത്രങ്ങളിലെ കെട്ടുകാഴ്ച, ക്രിസ്തീയ

ദേവാലയങ്ങളിലെ റാസ, ചന്ദനക്കുടം എന്നിവയിലും പന്തളം പ്രശസ്തമാണ്.

പന്തളം ഗ്രാമപഞ്ചായത്ത് നഗരസഭ ആയപ്പോൾ കിട്ടേണ്ട വികസനം കഴിഞ്ഞ നാളുകളിൽ കിട്ടാതെയിരിക്കുകയും ഈ ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷം പുതിയ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് വേണ്ടി 12 കോടി രൂപയുടെ അന്തിമ അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അമൃത് പദ്ധതിക്കായി കേന്ദ്രസർക്കാർ അനുവദിച്ച 20 കോടി രൂപയുടെ കുടിവെള്ള പദ്ധതി പ്രകാരം നഗരസഭ പ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും സൗജന്യ കുടിവെള്ളം എത്തിക്കും. ഖരമാലിന്യ പദ്ധതികൾക്കായി 7.6 കോടി രൂപ കേന്ദ്ര പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. പന്തളത്തിന്റെ പൈതൃക മരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ശിഖരങ്ങൾ മുറിച്ച് വലയിട്ട് സംരക്ഷിക്കുകയുണ്ടായി. വെള്ളപ്പൊക്ക നിയന്ത്രണത്തിന് ഫൈബർ ബോട്ടുകൾ വാങ്ങാൻ കഴിഞ്ഞു. 16 MCF വിവിധ വാർഡുകളിലായി സ്ഥാപിച്ചു. സേവനങ്ങൾ ഡിജിറ്റലൈസേഷൻ ആകുന്നതോടുകൂടി സർട്ടിഫിക്കറ്റുകൾ വിരൽത്തുമ്പിൽ എത്തിക്കുവാൻ കഴിയും. പന്തളം നഗരസഭയുടെ ബൃഹത്തായ പദ്ധതികളാണ് ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്. കേന്ദ്രസർക്കാരിന്റെ 2 വെൽനസ് സെന്റർ ആരംഭിക്കുന്നതിനായി 1 കോടി 79 ലക്ഷം രൂപ അനുവദിക്കുകയും അതിന്റെ പ്രാരംഭ നടപടികൾക്കായി 82 ലക്ഷം രൂപ അനുവദിച്ചുവരികയും ചെയ്തു.

പുതിയ ഭരണസമിതി അധികാരത്തിൽ വന്നശേഷം നഗരസഭയുടെ മൂന്നാം ബഡ്ജറ്റാണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. വരുമാന സ്രോതസ്സ് കൂട്ടുന്നതിന് ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകുവാൻ ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. ഒട്ടനവധി പുതിയ പ്രവർത്തനങ്ങൾ നടത്താനുണ്ട്. പന്തളത്തിന്റെ നാനാവിധമായ വികസനത്തിനുള്ള പദ്ധതികൾ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞ് നടപ്പിലാക്കുവാൻ ഈ ഭരണസമിതി ശ്രമിക്കുമെന്ന് അറിയിക്കട്ടെ.

ശബരിമല തീർത്ഥാടനം

പന്തളം അയ്യപ്പ തീർത്ഥാടനകേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രാരംഭനടപടികളുടെ ഭാഗമായി ടോയ്‌ലറ്റ് കോംപ്ലക്സ് അനുബന്ധ സൗകര്യങ്ങൾ ആരംഭിച്ചു. ഭൂമി വാങ്ങൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കായി 1 കോടി രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ശബരിമല പിൽഗ്രിം കേന്ദ്രമായി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

സമ്പൂർണ്ണ മാലിന്യരഹിത നഗരം

ഖര-മാലിന്യ പദ്ധതികൾക്കായി ലോകബാങ്കിന്റെ 7 കോടി 60 ലക്ഷം രൂപ കേന്ദ്ര പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. ബയോ-മൈനിംഗ്, തുമ്പൂർമുഴി, RRF, MCF എന്നിവ ഈ പദ്ധതിയിൽക്കൂടി നടപ്പാക്കി പന്തളം നഗരഹൃദയം മാലിന്യവിമുക്തമാക്കും. ആധുനിക മാലിന്യ പ്ലാന്റ് നിർമ്മാണത്തിന് 1 കോടി രൂപ വകയിരുത്തുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 1 ലക്ഷം രൂപ വകയിരുത്തുന്നു.

ശ്മശാനം

പന്തളത്തെ ജനങ്ങളുടെ ചിരകാല സ്വപ്നമാണ് ഒരു ശ്മശാനം നിർമ്മിക്കുകയെന്നുള്ളത്. അതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ ബഡ്ജറ്റ് വർഷം തന്നെ ഇത് തുടങ്ങാൻ കഴിയുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

മുട്ടാർ നീർച്ചാൽ നിർമ്മാണം

മുട്ടാർ നീർച്ചാൽ പുനരുദ്ധാരണത്തിന് സർവ്വേ നടപടികൾ പൂർത്തീകരിച്ചു. ആയതിന്റെ പുനരുദ്ധാരണത്തിന് 1 കോടി രൂപ വകയിരുത്തുന്നു.

വിനോദ സഞ്ചാരം

അനന്തമായ ടൂറിസം സാദ്ധ്യതകളുള്ള ഒരു പ്രദേശമാണ് പന്തളം. ചിറമുടി, ആതിരമല, കരിങ്ങാലിപുഞ്ച എന്നിവിടങ്ങളിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

കുടിവെള്ളം (അമൃത് 2.0)

കേന്ദ്രസർക്കാർ പന്തളം നഗരസഭയ്ക്ക് 14 കോടി 68 ലക്ഷം രൂപ അമൃത് പദ്ധതിക്കായി സർക്കാർ അനുമതി ലഭിച്ചു. പുതിയ ഗാർഹിക കണക്ഷൻ എല്ലാ വീടുകൾക്കും സൗജന്യമായി നൽകുന്നതിനും, ലൈൻ എക്സ്റ്റൻഷൻ, പുതിയ ടാങ്കുകൾ എന്നിവയാണ് പദ്ധതി. രണ്ടാം ഘട്ടമായി കുളങ്ങളുടെ പുനരുദ്ധാരണം, ലൈൻ എക്സ്റ്റൻഷൻ, ബൂസ്റ്റർ പമ്പ് എന്നിവ സ്ഥാപിക്കുന്നതിന് 6 കോടി രൂപയുടെ പദ്ധതിക്ക് പ്രാഥമിക അനുമതി ലഭിച്ചിച്ചുണ്ട്.

നഗരസഭയ്ക്ക് പുതിയ കെട്ടിടം

പുതിയ കെട്ടിട നിർമ്മാണം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്ക് 12 കോടി 50 ലക്ഷം രൂപ വകയിരുത്തുന്നു.

ഭവനപദ്ധതി

PMAY-LIFE തുടങ്ങിയ പദ്ധതികളിൽ ഭവനനിർമ്മാണത്തിനായി 6 കോടി രൂപ വകയിരുത്തുന്നു.

തൊഴിലുറപ്പ്

കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യംവച്ച് 5,50,00000 (അഞ്ച് കോടി അമ്പത് ലക്ഷം രൂപ) വകയിരുത്തുന്നു.

അംഗൻവാടികൾ

അംഗൻവാടി പോഷകാഹാരം, ഫർണീച്ചർ, സ്മാർട്ട് അംഗൻവാടി, ഭൂമി വാങ്ങൽ എന്നിവയ്ക്ക് 1 കോടി രൂപ വകയിരുത്തുന്നു.

മൃഗസംരക്ഷണം അനുബന്ധ മേഖല

ക്ഷീരവികസനം, മൃഗസംരക്ഷണം, സൗജന്യ ഇൻഷുറൻസ് എന്നിവയ്ക്കായി 1 കോടി രൂപ വകയിരുത്തുന്നു.

കൃഷി അനുബന്ധ മേഖലകൾ

നെൽകൃഷി, ഗ്രീൻഹൗസ്, പാടശേഖരങ്ങളുടെ അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ യ്ക്കായി ഒരുകോടി 68 ലക്ഷം രൂപ വകയിരുത്തുന്നു.

ദുരന്തനിവാരണം (വെള്ളപ്പൊക്കം, വരൾച്ച)

ദുരന്തനിവാരണ പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ 1 കോടി രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസം അനുബന്ധ മേഖല

വിദ്യാഭ്യാസത്തിനും, എസ്.സി. വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും സൗകര്യമൊരുക്കു വാൻ 1 കോടി രൂപ വകയിരുത്തുന്നു.

റോഡ് വികസനം

നഗരസഭയിലെ റോഡുകളുടെ സംരക്ഷണത്തിനായും മാതൃകാ റോഡ് നിർമ്മാണം എന്നി വയ്ക്കായി 9 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

ക്ഷേമപെൻഷനുകൾ

വാർദ്ധക്യകാലം, വിധവാപെൻഷൻ, കർഷകത്തൊഴിലാളി, ഭിന്നശേഷിക്കാർ തുടങ്ങിയ വർക്കുള്ള ക്ഷേമപെൻഷനായി 17 കോടി 50 ലക്ഷം രൂപ വകയിരുത്തുന്നു.

നഗരസഭാ ഡിജിറ്റലൈസേഷനും നവീകരണവും

സേവനങ്ങൾ വിരൽ തുമ്പിൽ ആക്കുവാനുള്ള ആധുനിക വിവരസാങ്കേതികവിദ്യ നമ്മുടെ നഗരസഭയിൽ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. നഗരസഭയിൽനിന്നും ലഭ്യമാകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭിക്കും. വീട്ടുനികുതി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഓൺലൈനായി ലഭിക്കുന്നതിനും ഇതിൽക്കൂടി കഴിയും. എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈൻ ആക്കും.

സ്റ്റേഡിയം നവീകരണം

ഉളമയിൽ മുൻസിപ്പൽ സ്റ്റേഡിയം ആധുമികവത്കരിച്ച് പുതിയ റോഡ് നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് കേന്ദ്ര കായികമന്ത്രാലയവുമായി ചേർന്ന് നടപ്പിലാക്കും. സ്റ്റേഡിയം നവീകരണത്തിന് 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

വിവിധ പദ്ധതികൾക്കായി 3 കോടി 25 ലക്ഷം രൂപ വകയിരുത്തുന്നു.

തെരുവ് വിളക്ക് പരിപാലനം

പുതിയ മീറ്റർ സ്ഥാപിക്കുന്നതിനും തെരുവ് വിളക്ക് നവീകരണത്തിനും 1 കോടി രൂപ വകയിരുത്തുന്നു.

മത്സ്യമാർക്കറ്റ്

കുറുന്തോട്ടയം മാർക്കറ്റ് ആധുനിക രീതിയിൽ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

മുനിസിപ്പൽ ബസ് സ്റ്റാന്റ്

മുനിസിപ്പൽ ബസ് സ്റ്റാന്റ് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന് സമീപം മാറ്റി സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

ഭിന്നശേഷിക്കാരുടെ ക്ഷേമം

75 ലക്ഷം രൂപ വകയിരുത്തുന്നു.

ജൈവ വൈവിധ്യ മേഖല

കുളങ്ങളുടെ നവീകരണം, സംരക്ഷണം എന്നിവയ്ക്ക് 75 ലക്ഷം രൂപ വകയിരുത്തുന്നു.

സേവന വിതരണ സംവിധാനം മെച്ചപ്പെടുത്തൽ

നഗരസഭ ഡിജിറ്റലൈസേഷന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

നഗരാസൂത്രണം

ട്രാഫിക് പരിഷ്കരണം, മാസ്റ്റർ പ്ലാൻ എന്നിവയ്ക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു.

വാഹനം വാങ്ങൽ

നഗരസഭ പരിധിയിലുള്ള പാടശേഖരങ്ങളിലെ കൊയ്ത്തിന് ആവശ്യമായ കൊയ്ത്ത് യന്ത്രത്തിനും, ഹിറ്റാച്ചി എന്നിവയ്ക്ക് 45 ലക്ഷം രൂപ വകയിരുത്തുന്നു.

ട്രാഫിക് അനുബന്ധ പ്രവർത്തനം

സി.സി.ടി.വി ക്യമാറകൾ സ്ഥാപിക്കുക, പോലീസ് നിയന്ത്രണ പദ്ധതികൾ, കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. സ്വകാര്യ പങ്കാളിത്തം പദ്ധതിയ്ക്ക് പ്രയോജനപ്പെടുത്തും.

2023–24 വർഷം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നഗരോത്സവം - 5 ലക്ഷം
2. റോഡ് നവീകരണം - 9 കോടി
3. യുവജന ഫിറ്റ്നസ് കേന്ദ്രങ്ങൾ, യുവജന കേരളോത്സവം, യുവജനക്ഷേമം - ഫെലോഷിപ്പ് - 55 ലക്ഷം
4. സാംസ്കാരിക ഉത്സവങ്ങൾ - നാടൻ കലകൾ സംഘടിപ്പിച്ച് ആഘോഷ പരിപാടികൾ - 20 ലക്ഷം
5. രജിസ്റ്റേഡ് മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ - 9 ലക്ഷം
6. ബഡ്സ് സ്കൂൾ ദൈനംദിന പ്രവർത്തികൾക്ക്, ഭിന്നശേഷി കലോത്സവം, സ്കോളർഷിപ്പ് - 75 ലക്ഷം

7. ജെന്റർ റിസോഴ്സ് സെന്റർ - 5 ലക്ഷം
8. ഹരിതകർമ്മസേനയ്ക്ക് വാഹനം - 10 ലക്ഷം
9. വാതിൽപ്പടി സേവനം (സേവനങ്ങൾ ചെയ്യുന്ന വ്യക്തികൾക്കുള്ള ശമ്പളം), അതിദാരിദ്ര്യ കിറ്റ് - 25 ലക്ഷം
10. ICDS അനുപൂരക പോഷകാഹാരം, സ്മാർട്ട് അംഗൻവാടി, ഭൂമിവാങ്ങൽ, ഫർണീച്ചർ, കളിഉപകരണങ്ങൾ, കണ്ടിജൻസി ചെലവ് ഉൾപ്പടെ - 2 കോടി
11. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി - 5.5 കോടി
12. ജൈവവൈവിദ്ധ്യ മേഖലയ്ക്ക് - 25 ലക്ഷം
13. ഹോമിയോ അനുബന്ധ മേഖല- 6 ലക്ഷം
14. ആയുർവ്വേദ മേഖല, അനുബന്ധ മേഖല സൗകര്യങ്ങൾ - 20 ലക്ഷം
15. ചിറമുടി, കരിങ്ങാലിച്ചാൽ, ആതിരമല ടൂറിസം - 50 ലക്ഷം
16. കുളങ്ങളുടെ നവീകരണം - 25 ലക്ഷം
17. എഫ്.എച്ച്.സി ഫർണീച്ചർ - 5 ലക്ഷം
18. ദുരന്തനിവാരണം അനുബന്ധ പ്രവർത്തനം - 1 കോടി
19. കൊയ്ത്ത് യന്ത്രം - 25 ലക്ഷം
20. ഹിറ്റാച്ചി (ചെയിൻ റ്റൈപ്പ്) - 20 ലക്ഷം
21. സ്റ്റേഡിയം (മിനി സ്റ്റേഡിയം), ഒരു വാർഡിൽ ഒരു കളിസ്ഥലം, ഉളമയിൽ സ്റ്റേഡിയം സിന്തറ്റിക് ട്രാക്ക് ആക്കിയുള്ള നവീകരണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, അനുബന്ധ റോഡ് - 75 ലക്ഷം
22. ഭവന നിർമ്മാണം - 6 കോടി
23. ദാരിദ്ര്യനിർമ്മാർജ്ജനം - 25 ലക്ഷം
24. നഗരാസൂത്രണം - 1 കോടി
25. മൃഗസംരക്ഷണം അനുബന്ധമേഖലയ്ക്ക് - 1 കോടി
26. പ്രസാദ് പദ്ധതി - 1 കോടി
27. അമൃത് പദ്ധതി (നിർധന കുടുംബങ്ങൾക്ക് സൗജന്യ പൈപ്പ് കണക്ഷൻ) - 11.75 കോടി
28. അതിഥി തൊഴിലാളി ക്ഷേമം (അതിഥി തൊഴിലാളി ബോധവൽക്കരണം, മെഡിക്കൽ ക്യാമ്പ്) - 3 ലക്ഷം
29. വിദ്യാഭ്യാസ മേഖല (കുട്ടികൾക്ക് ലാപ്ടോപ്പ്, സൈക്കിൾ, മറ്റ് പഠനോപകരണങ്ങൾ) - 1 കോടി
30. നഗരസഭയുടെ സേവനം മെച്ചപ്പെടുത്തൽ - 35 ലക്ഷം
31. ചെറുകിട വ്യവസായം - 25 ലക്ഷം
32. വനിതാ ക്ഷേമം - 1 കോടി
33. കുട്ടികൾക്കുള്ള ക്ഷേമ പരിപാടികൾ - 15 ലക്ഷം

34. അംഗൻവാടി പോഷകാഹാരം, അനുബന്ധ സേവനം - 1 കോടി
35. ശ്മശാനം - 25 ലക്ഷം
36. വയോജന ക്ഷേമം - 60 ലക്ഷം
37. ശബരിമല - 50 ലക്ഷം
38. തെരുവ് വിളക്ക് - 1 കോടി
39. പട്ടികജാതി, പട്ടികവർഗ്ഗം - 3 കോടി 25 ലക്ഷം

പന്തളം നഗരസഭയുടെ ധനകാര്യ സ്ഥിരം സമിതിയുടെ 10.03.2023ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച നഗരസഭയുടെ 2023-24 വർഷത്തെ മതിപ്പ് ബഡ്ജറ്റിൽ 5,37,97,246 രൂപ മുന്നിരുപ്പുൾപ്പെടെ 94,00,11,246 രൂപ വരവും 87,06,87,000 രൂപ ചിലവും 6,93,24,246 രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

ഈ നഗരസഭയുടെ 2023-24 ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നതിന് സഹായിച്ച ബഹു: ചെയർപേഴ്സൺ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, കൗൺസിലർമാർ, നഗരസഭാ സെക്രട്ടറി, വകുപ്പ് തലവൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, നഗരസഭാ ഉദ്യോഗസ്ഥർ എന്നിവർക്കും സദസ്സിൽ സന്നിഹിതരായ ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

2022-23ലെ പരിഷ്കരിച്ച ബഡ്ജറ്റ് അംഗീകാരത്തിനും, 2023-24 വർഷത്തെ മതിപ്പ് ബഡ്ജറ്റ് ബഹുമാന്യരായ കൗൺസിൽ അംഗങ്ങളുടെ വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി വിനയപൂർവ്വം സമർപ്പിക്കുന്നു.

രമ്യ. യു
വൈസ് ചെയർപേഴ്സൺ
& ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

പന്തളം നഗരസഭ

10.03.2023-ാം തീയതിയിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ

1-ാം നമ്പർ തീരുമാനം


മുൻബാക്കി 5,62,43,441/- രൂപയും തന്നാണ്ട് വരവ് 41,63,40,741/- രൂപയും ചേർത്ത് ആകെ വരവ് 47,25,84,182/- രൂപയും ചെലവ് 41,87,86,936/- രൂപയും 5,37,97,246/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന പന്തളം നഗരസഭയുടെ 2022-23-ലെ പുതുക്കിയ ബഡ്ജറ്റും, മുൻബാക്കി 5,37,97,246/- രൂപയും, 88,62,14,000/- രൂപ മതിപ്പ് വരവും, ചേർത്ത് ആകെ വരവ് 94,00,11,246/- രൂപയും ചിലവ് 87,06,87,000/- രൂപയും മിച്ചമായി 6,93,24,246/- രൂപയും പ്രതീക്ഷിക്കുന്ന 2023-24 -ലേക്കുള്ള മതിപ്പ് ബഡ്ജറ്റ് നഗരസഭാ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

രമ്യ. യു
വൈസ് ചെയർപേഴ്സൺ
& ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



സുശീല സന്തോഷ്


ചെയർപേഴ്സൺ
പന്തളം നഗരസഭ



രമ്യ.യു

വൈസ് ചെയർപേഴ്സൺ
പന്തളം നഗരസഭ

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി



രമ്യ.യു
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



കെ. ആർ. രവി



എസ്. അരുൺ



ലസിത ടീച്ചർ



സൂര്യ. എസ്. നായർ



ശോഭന കുമാരി

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി



ബന്നി മാത്യു
വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



പന്തളം മഹേഷ്



രാജേഷ് കുമാർ. ജി



ശ്രീലേഖ. ആർ



രശ്മി രാജീവ്



ഉഷ മധു

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി



സീനാ.കെ
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



ബിന്ദു കുമാരി



അംബിക രാജേഷ്



ശ്രീദേവി



രത്നമണി സുരേന്ദ്രൻ

ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി



അഡ്വ: രാധാകൃഷ്ണൻ ഉണ്ണിത്താൻ
ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



കിഷോർ കുമാർ



റ്റി. കെ. സതി



സുനിതാ വേണു



പുഷ്പലത പി. കെ

പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി



രാധ വിജയകുമാർ
പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



കെ. വി. പ്രഭ



കെ. ആർ. വിജയകുമാർ



ഷെഫിൻ റജീബ് ഖാൻ



കോമളവല്ലി. ജെ

വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി



അച്ചൻകുഞ്ഞ് ജോൺ
വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



സക്കീർ. എച്ച്



സൗമ്യ സന്തോഷ്



മഞ്ജുഷ സുമേഷ്



അജിതകുമാരി പി. ജി



അനിത ഇ.ബി

സെക്രട്ടറി


EMPLOYEES




ഗിരിജകുമാരി കെ. എസ്
(സൂപ്രണ്ട്)



രാധിക. എസ്
(അസിസ്റ്റന്റ് എഞ്ചിനീയർ)



സലിം. എൽ
(ഹെൽത്ത് സൂപ്പർവൈസർ)



പുഷ്പകുമാർ. കെ
(ഹെൽത്ത് ഇൻസ്പെക്ടർ)



സുജ സി. എം.
(റവന്യൂ ഇൻസ്പെക്ടർ)



എ. സതീഷ്കുമാർ
(അക്കൗണ്ടന്റ്)

2022 - 2023

പുതുക്കിയ ബഡ്ജറ്റ്

സംക്ഷിപ്ത രൂപം

ആകെ വരവ് - 47,25,84,182/-

ആകെ ചിലവ് - 41,87,86,936/-

നീക്കി ബാക്കി - 5,37,97,246/-

2023 - 2024

ബഡ്ജറ്റ്

സംക്ഷിപ്ത രൂപം

ആകെ വരവ് - 94,00,11,246/-

ആകെ ചിലവ് - 87,06,87,000/-

നീക്കി ബാക്കി - 6,93,24,246/-

പന്തളം നഗരസഭ

2023-2024 സാമ്പത്തികവർഷത്തെ അന്തിമ ബജറ്റ്

PANDALAM Municipality

Final Budget for the Financial Year 2023-2024

ബജറ്റ് 2023-24

സ്വരാജ് ട്രോഫി

സ്വരാജ് സ്വരാജ്

PANDALAM Municipality Final Budget for the Financial Year 2023-2024

BUDGET STATEMENT

	PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
A	Opening balance (net) (ws-1)	4,70,38,366	5,62,43,441	5,37,97,246
B	a) Tax revenue-നികുതി വരുമാനം (BS-1)	1,90,72,959	2,20,00,000	4,20,00,000
C	b) Non tax revenue-നികുതിയിതര വരുമാനം (BS-2)	96,35,009	1,20,55,541	2,31,76,000
D	Total Own Fund-ആകെ തനത് ഫണ്ട് (B+C)	2,87,07,968	3,40,55,541	6,51,76,000
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	2,24,43,000	2,05,18,800	2,15,00,000
F	Total -ആകെ (D+E)	5,11,50,968	5,45,74,341	8,66,76,000
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് (BS-4)	10,42,64,620	13,78,90,000	20,36,86,000
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5)	10,59,27,200	14,99,76,400	15,03,52,000
I	Toal Revenue Income -ആകെ റവന്യൂ വരവുകൾ (F+G+H)	26,13,42,788	34,24,40,741	44,07,14,000
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6)	0	0	9,60,00,000

	PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
K	Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ (BS-7)	3,54,46,943	7,39,00,000	34,95,00,000
L	Total Capital Income-ആകെ മൂലധന വരവുകൾ (J+K)	3,54,46,943	7,39,00,000	44,55,00,000
M	Total Income -ആകെ വരവുകൾ (I+L)	29,67,89,731	41,63,40,741	88,62,14,000
N	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A)	34,38,28,097	47,25,84,182	94,00,11,246
O	Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8)	4,31,40,871	4,80,04,344	7,57,85,000
P	Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9)	12,19,28,092	19,88,54,947	30,21,00,000
Q	Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10)	10,59,27,200	14,99,76,400	15,03,52,000
R	Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q)	27,09,96,163	39,68,35,691	52,82,37,000
S	Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11)	68,26,666	80,00,000	1,50,00,000
T	Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12)	97,61,827	1,39,51,245	32,74,50,000
U	Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T)	1,65,88,493	2,19,51,245	34,24,50,000
V	Total Expenditure -ആകെ ചെലവുകൾ (R+U)	28,75,84,656	41,87,86,936	87,06,87,000
W	Closing Balance-നീക്കി ബാക്കി (N-V)	5,62,43,441	5,37,97,246	6,93,24,246

PANDALAM Municipality Final Budget for the Financial Year 2023-2024				
BS-1-REVENUE INCOME-TAXES- (നികുതി വരുമാനം)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 (പരിഷ്കരിച്ച ബജറ്റ് 2022-2023)	Budget for the Year2023-2024 (ബജറ്റ്-2023-2024)
1100101	Property Tax-വസ്തു നികുതി	1,26,71,949	1,50,00,000	3,00,00,000
1100102	Service Cess u/s 26 - സേവനങ്ങൾക്കുള്ള സെസ്സ് (വകുപ്പ് 26)	3,85,601	5,00,000	10,00,000
1101001	Profession Tax – Institutions / Professionals/Traders - തൊഴിൽ നികുതി (സ്ഥാപനങ്ങൾ / പ്രൊഫഷണലുകൾ / വ്യാപാരികൾ)	14,69,935	15,00,000	20,00,000
1101002	Profession Tax - Employees - തൊഴിൽനികുതി (ജീവനക്കാർ)	45,45,474	50,00,000	60,00,000
1101601	Entertainment Tax-വിനോദനികുതി	0	0	30,00,000
110	Total-Tax Revenue-ആകെ നികുതി വരവ്	1,90,72,959	2,20,00,000	4,20,00,000

PANDALAM Municipality Final Budget for the Financial Year 2023-2024

BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരുമാനം)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 പരിഷ്കരിച്ച ബജറ്റ്	Budget for the Year2023-2024 (ബജറ്റ്-2023-2024)
130 - Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരുമാനം				
1301008	Rent from shopping complex - ഷോപ്പിംഗ് കോംപ്ലക്സ്	11,00,000	14,00,000	15,00,000
130	Total Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരുമാനം	11,00,000	14,00,000	15,00,000
BS-2 PARTICULARS		Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
140 - Fees & User Charges - ഫീസുകളും യൂസർ ചാർജുകളും				
1401001	Private Hospital & Paramedical Institutions Registration Fee - സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീ	5,400	6,000	10,000
1401002	Tutorial College Registration Fee - ട്യൂട്ടോറിയൽ കോളജ് രജിസ്ട്രേഷൻ ഫീ	500	15,000	20,000
1401003	Contractor Registration Fee - കരാറുകാരുടെ രജിസ്ട്രേഷൻ ഫീ	2,930	5,000	10,000
1401101	License Fees for Dangerous & Offensive Trades - വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്	6,85,342	8,00,000	10,00,000
1401102	License Fees for Lodge - ലോഡ്ജുകളുടെ ലൈസൻസ് ഫീ	0	0	5,000

1401103	License Fees under P.P.R ACT - പി.പി.ആർ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	0	0	10,000
1401104	License Fees under Cinema Regulation Act - സിനിമാ റെഗുലേഷൻ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	0	0	2,000
1401105	License Fees under PFA Act - പി.എഫ്.എ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	0	2,000	5,000
1401107	License Fees for Domestic Dogs - വളർത്തുനായ്ക്കൾ - ലൈസൻസ് ഫീ	0	21,000	50,000
1401199	Other Licensing Fees - മറ്റ് ലൈസൻസ് ഫീസുകൾ	1,148	2,000	5,000
1401201	Fees for Construction of Buildings - കെട്ടിട നിർമ്മാണ ഫീസ്	28,229	2,00,000	2,00,000
1401202	Fees for Installation of Machinery - യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ്	500	1,000	2,00,000
1401299	Other Fees for Grant of Permit - പെർമിറ്റ് അനുവദിക്കുന്നതിനുള്ള മറ്റ് ഫീസുകൾ	5,56,941	10,00,000	20,00,000
1401301	Fees for Birth & Death Certificate - ജനന - മരണ സർട്ടിഫിക്കേറ്റ് ഫീസ്	82,192	2,50,000	5,00,000
1401302	Fees for Delayed Registration - Birth & Death Certificate - ജനന മരണങ്ങൾ വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്	824	3,000	5,000
1401303	Fees for Marriage Certificate - വിവാഹ സർട്ടിഫിക്കറ്റ് ഫീസ്	42,725	10,000	1,00,000
1401399	Fees for Other Certificates or Extracts - മറ്റ് സർട്ടിഫിക്കറ്റുകൾ/ പകർപ്പുകൾ എന്നിവയ്ക്കുള്ള ഫീസ്	863	2,000	5,000
1401501	Regularization Fees - ക്രമവത്ക്കരണത്തിനുള്ള ഫീസ്	0	5,000	1,00,000

1402001	Penalties - പെനാൽറ്റികൾ/പിഴകൾ	15,850	3,00,000	5,00,000
1402002	Penal Interest - പിഴപ്പലിശ	1,75,465	10,00,000	15,00,000
1402003	Fines (ഫൈനുകൾ)	1,85,468	3,00,000	5,00,000
1402005	Fine imposed by Municipal and other laws - മുനിസിപ്പൽ/ മറ്റ് നിയമങ്ങൾ - പ്രകാരം ചുമത്തുന്ന ഫൈൻ	3,825	5,000	50,000
1404002	Notice Fees - നോട്ടീസ് ഫീസ്	0	0	1,00,000
1404003	Warrant fees - വാറണ്ട് ഫീസ്	0	0	10,000
1404004	Ownership Change Fees - ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ്	37,890	1,00,000	3,00,000
1404005	License Change Fees - ലൈസൻസ് മാറ്റുന്നതിനുള്ള ഫീസ്	5,500	6,000	10,000
1404006	Testing fee - ടെസ്റ്റിംഗ് /പരിശോധന ഫീസ്	0	500	2,000
1404008	Delayed Registration Fees - വൈകി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ഫീസ്	200	500	1,000
1404009	Search Fees - തെരച്ചിൽ ഫീസ്	150	500	1,000
1404099	Other Fees - മറ്റ് ഫീസുകൾ	1,08,828	1,50,000	20,000
1405004	Electricity Charges - വൈദ്യുതി ചാർജ്ജുകൾ	17,221	0	50,000

1405009	Public Sanitation Charges - പൊതു ശുചിത്വസംവിധാനങ്ങൾക്കുള്ള / കംഫർട്ട് സ്റ്റേഷൻ ചാർജ്ജുകൾ	62,475	55,500	60,000
1405010	Market Fees - മാർക്കറ്റ് ഫീസ്	21,78,001	23,01,012	30,00,000
1405011	Bus Stand Fees - ബസ് സ്റ്റാന്റ് ഫീസ്	7,75,432	7,57,429	10,00,000
1405013	Lorry, Taxi, Auto and Other Vehicle Stand Fees - ലോറി, ടാക്സി, ഓട്ടോറിക്ഷ മറ്റു വാഹനങ്ങൾ എന്നിവയുടെ സ്റ്റാന്റ് ഫീസ്	0	0	5,00,000
1405014	Receipts on account of cost of services rendered - സേവനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി വരുന്ന മൂല്യത്തിനുള്ള വരവുകൾ	10,65,510	10,00,000	15,00,000
1405016	Receipts from Libraries - ലൈബ്രറി വരവുകൾ	318	500	10,000
1405017	Receipt from school - സ്കൂളിൽ നിന്നുള്ള വരവുകൾ	0	0	5,000
1405018	Receipts from Hospitals & Dispensaries - ആശുപത്രികൾ, ഡിസ്പൻസറികൾ, എന്നിവടങ്ങളിൽ നിന്നുള്ള വരവുകൾ	65,600	1,00,000	2,00,000
1405020	Crematorium fees - ശ്മശാനം ഫീസ്	0	0	5,00,000
1405099	Other User Charges - മറ്റ് യൂസർ ചാർജ്ജുകൾ	14	500	5,000
1406001	Entry Fees - പ്രവേശനഫീസ്	0	0	10,00,000
1407001	Road Cutting Charges - റോഡ് കട്ടിംഗ് ചാർജ്ജുകൾ	11,038	15,000	10,00,000
140	Total Fees & User Charges - ഫീസുകളും യൂസർ ചാർജുകളും	61,16,379	84,14,441	1,60,51,000

BS-2 PARTICULARS		Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
150 - Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ				
1501003	Sale of Usufructs - ഫലവൃക്ഷങ്ങളിൽനിന്നുള്ള ആദായം വിൽപ്പന	6,750	6,100	10,000
1501101	Sale of Forms(others) - മറ്റ് ഫാറങ്ങളുടെ വിൽപ്പന വരവ്	3,86,071	4,00,000	5,00,000
1501201	Sale of Stores - വിവിധ സാധന - സാമഗ്രികൾ വിൽപ്പന വരവ്	0	0	2,00,000
1501202	Sale of Scrap - പാഴ് വസ്തുകളുടെ വിൽപ്പന വരവ്	1,93,109	10,000	5,00,000
1501203	Receipts from auction of obsolete assets - ആസ്തികളുടെ ലേലം - വരവ്	3,11,230	50,000	5,00,000
1503001	Miscellaneous Sales പലവക ഇനങ്ങൾ - വില്പന വരവുകൾ	0	0	1,00,000
1504101	Rent from Agricultural Machinery - കാർഷികയന്ത്രസാമഗ്രികളുടെ വാടക വരവ്	0	0	10,00,000
1504102	Rent on Other Equipments - മറ്റ് ഉപകരണങ്ങളുടെ വാടക വരവ്	0	0	5,00,000
150	Total-Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ (ആകെ)	8,97,160	4,66,100	33,10,000

BS-2 PARTICULARS		Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
151 - Receipts from Transferred Institutions				

151 10 01	Receipts from Transferred Institutions - കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽനിന്നുള്ള വരവുകൾ	0	0	10,000
151	Total Receipts from Transferred Institutions - കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽനിന്നുള്ള വരവുകൾ (ആകെ)	0	0	10,000
	BS-2 PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
	170 - Income from Investments - നിക്ഷേപങ്ങളിൽനിന്നുള്ള വരവുകൾ			
1701001	Interest on Fixed Deposits - സ്ഥിരനിക്ഷേപങ്ങളിൽനിന്നുള്ള പലിശവരവുകൾ	4,06,231	5,25,000	7,00,000
1702001	Dividend - ഡിവിഡന്റുകൾ	0	0	5,000
170	Total Income from Investments - നിക്ഷേപങ്ങളിൽനിന്നുള്ള വരവുകൾ (ആകെ)	4,06,231	5,25,000	7,05,000
	BS-2 PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
	171 - Interest Earned - പലിശവരുമാനം			
1711001	Interest from Bank Accounts - ബാങ്ക് അക്കൗണ്ടുകളിലെ പലിശവരവ്	11,15,239	12,00,000	15,00,000
171	Total Interest Earned - പലിശവരുമാനം ആകെ	11,15,239	12,00,000	15,00,000
	BS-2 PARTICULARS	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023	Budget for the Year2023-2024 (ബജറ്റ്-2023-2024)
	180 - Other Income - മറ്റു വരുമാനം			

1809002	Contribution from other Funds - മറ്റു ഫണ്ടുകളിൽനിന്നുള്ള വിഹിതം	0	50,000	1,00,000
180	Total Other Income - മറ്റു വരുമാനം (ആകെ)	0	50,000	1,00,000
Total-Non tax revenue-ആകെ നികുതിയിതര വരുമാനം		96,35,009	1,20,55,541	2,31,76,000

PANDALAM Municipality Final Budget for the Financial Year 2023-2024				
BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട്)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 പരിഷ്കരിച്ച ബജറ്റ്	Budget for the Year2023-2024 (ബജറ്റ്-2023-2024)
1601005	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	2,24,43,000	2,05,18,800	2,15,00,000
160	Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട്	2,24,43,000	2,05,18,800	2,15,00,000

PANDALAM Municipality Final Budget for the Financial Year 2023-2024

BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 പരിഷ്കരിച്ച ബജറ്റ്	Budget for the Year2023-2024 (ബജറ്റ്-2023-2024)
1601001	Development Fund (General) - വികസനഫണ്ട്(സാധാരണവിഹിതം)	3,16,55,786	3,37,50,000	3,55,87,000
1601001	Development Fund (SCSP) - വികസനഫണ്ട് (പട്ടികജാതി ഉപപദ്ധതി)	2,84,97,138	3,73,83,000	3,23,23,000
1601001	Development Fund (TSP) - വികസനഫണ്ട് (പട്ടികവർഗ്ഗ ഉപപദ്ധതി)	0	0	2,00,000
1601001	Development Fund (CFC) - വികസനഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	2,16,53,543	3,21,05,000	3,23,23,000
1601001	Development Fund (KLGSDP) - വികസനഫണ്ട് (ലോകബാങ്ക് ധനസഹായം)	0	0	1,00,00,000
1601004	Maintenance Fund (Road Assets) - മെയിന്റനൻസ് ഫണ്ട് (റോഡ് ആസ്തികൾ)	1,67,67,427	2,62,25,000	6,76,81,000
1601004	Maintenance Fund (Non Road Assets) - മെയിന്റനൻസ് ഫണ്ട് (റോഡ് ഇതര ആസ്തികൾ)	56,90,726	84,27,000	1,55,72,000
1601013	Drought Relief Grant - വരൾച്ചാ ദുരിതാശ്വാസ ഗ്രാന്റ്	0	0	50,00,000
1601014	Flood Relief Grant - വെള്ളപ്പൊക്കദുരിതാശ്വാസ ഗ്രാന്റ്	0	0	50,00,000
160	Revenue Grants, Funds, Contributions & Compensations- റെവന്യൂ ഗ്രാന്റുകൾ, ഫണ്ടുകൾ, വിഹിതങ്ങൾ, പരിഹാരത്തുകകൾ ആകെ	10,42,64,620	13,78,90,000	20,36,86,000

PANDALAM Municipality Final Budget for the Financial Year 2023-2024				
BS-5-REVENUE INCOME- NON PLAN GRANTS- (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2021-2022 (കണക്ക് 2021-2022)	Budget for the year (including all revisions) 2022-2023 പരിഷ്കരിച്ച ബജറ്റ്	Budget for the Year2023-2024 (ബജറ്റ്-2023-2024)
